# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

## സർക്കുലർ

നമ്പർ 18132/ഉപ.സി.3/2011/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2011 ഒക്ടോബർ 21.*

വിഷയം:— ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുമ്പോൾ സൂക്ഷ്മത പുലർത്തേണ്ടത്—സംബന്ധിച്ച്.

സൂചന:—
1. 18-6-2011-ലെ 9222/ഉപസി3/2011/ഉഭപവ. നമ്പർ സർക്കുലർ.
2. 3-8-2011-ലെ 13027/ഉപസി3/2011/ഉഭപവ. നമ്പർ സർക്കുലർ.
3. 17-8-2011-ലെ 13027/ഉപസി3/2011/ഉഭപവ. നമ്പർ സർക്കുലർ.
4. 16-9-2011-ലെ 14373/ഉപസി3/2011/ഉഭപവ. നമ്പർ സർക്കുലർ.
5. 1-10-2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഡി. ആർ. I(1) 432/09/ജി. ഡബ്ല്യൂ. നമ്പർ കത്ത്.

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പെൻഷൻ ഏകീകരണത്തെ തുടർന്ന് നടപ്പു സാമ്പത്തിക വർഷം 31-3-2012-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന് സൂചന (1)-ലെ സർക്കുലർ പ്രകാരം എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന് മേൽ സൂചിപ്പിച്ച പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും സൂചന (2)-ലെ സർക്കുലർ പ്രകാരം നിർദ്ദേശവും നൽകിയിരുന്നു.

2. സൂചന (3)-ലെ സർക്കുലർ പ്രകാരം ഓരോ വകുപ്പും 2011 ഏപ്രിൽ ഒന്നു മുതൽ 2012 മാർച്ച് 31 വരെ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ അപ്രകാരമുള്ള ഒഴിവുകൾ നിലവിലുള്ള നിർദ്ദേശപ്രകാരം സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകൾ നികത്താൻ വേണ്ടിയുള്ളതാണെന്ന കാര്യംകൂടി വ്യക്തമാക്കിയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. സൂചന (4)-ലെ സർക്കുലർ പ്രകാരം ഇനിയും പ്രതീക്ഷിത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയുംവേഗം റിപ്പോർട്ട് ചെയ്യണമെന്നും എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിരുന്നു.

GCPT. 3/4147/2011/DTP.

3. എന്നാൽ 18-9-1992-ലെ 38/92/ഉഭപവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ അർത്ഥനാപത്രത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ച് വിശദാംശങ്ങൾ ചേർക്കുന്നതിൽ നിയമനാധികാരികൾ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതിനാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും അതുമൂലം നിയമന ശിപാർശയിലും ഇരട്ടിപ്പുണ്ടാകുന്നതായി പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് നിയമന ശിപാർശ നൽകുന്നതിൽ തടസ്സത്തിനും കാലതാമസത്തിനും ഇടയാക്കുന്നതായി കമ്മീഷൻ ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ ഒഴിവുകൾ (പ്രതീക്ഷിത ഒഴിവുകളും, സൂപ്പർ ന്യൂമററി ഒഴിവുകളും ഉൾപ്പെടെ) പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ കൂടുതൽ സൂക്ഷ്മത പുലർത്തുവാനും പ്രൊഫോർമയിലെ എല്ലാ കോളങ്ങളും കൃത്യതയോടെ പൂരിപ്പിക്കുവാനും എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകുന്നു.

ററി. ജെ. മാത്യു,
*സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും.

അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്കും.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

Endorsement on file No. A VIII (3) 1507/10/Genl. dtd 11/11.

Copy circulated to all Recruitment sections and Establishment.